മൂവിംഗായിട്ടുള്ള ഐറ്റംസ് പലപ്പോഴും മാർക്കറ്റിൽ ഇല്ലാതെ വരുന്നുണ്ട്. അതു യഥാസമയം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കാണുന്നില്ല. മൂവിംഗായിട്ടുള്ള ഐറ്റംസ് യഥാസമയം എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമെന്നു ഉറപ്പുവരുത്തുമോ എന്നുള്ളതാണ് എന്റെ രണ്ടാമത്തെ ചോദ്യം.

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ വളരെയധികം അത്യാവശ്യമുള്ള സാധനങ്ങൾ സമയത്ത് എത്തുന്നില്ലെങ്കിൽ ഗവൺമെന്റ് അക്കാര്യം തീർച്ചയായും പരിശോധിക്കുന്നതാണ്. എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ഉണ്ടാക്കണമെന്നുള്ളതു തന്നെയാണ് ഗവൺമെന്റിന്റെ സമീപനം. 197 പഞ്ചായത്തുകളിൽ മാത്രമാണ് ഇപ്പോൾ മാവേലി സ്റ്റോറുകൾ ഇല്ലാത്തത്. നൂറു ലാഭ മാർക്കറ്റുകൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്. മൊബൈൽ മാവേലി സ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ, പെട്രോൾ ബങ്കുകൾ, L.P.G. outlets അങ്ങനെ ഗവൺമെന്റിനു സാധ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ഈ മാർജിൻ ഫ്രീ മാർക്കറ്റുകൾ പരസ്യങ്ങളിൽക്കൂടി നിലനിർത്തുന്ന, കച്ചവടത്തിൽക്കൂടി കുതന്ത്രം നിലനിർത്തുന്ന ഈ സംവിധാനത്തെ എങ്ങനെ നേരിടാൻ കഴിയുമെന്ന് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം

*4 [214] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പി. സി. ജോർജ്:
,, കെ. വി. കുഞ്ഞിരാമൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാൽ ഗുണനിലവാരമില്ലാത്തതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്തൊക്കെയാണ്;

(സി) അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പരിശോധന നടത്താറുണ്ടോ;

(ഡി) എങ്കിൽ ഇപ്രകാരം പരിശോധന നടത്തിയതിൽ ഏതെല്ലാം രാസവസ്തുക്കൾ പാലിൽ കലർത്തിയിട്ടുള്ളതായാണ് കണ്ടെത്തിയിട്ടുള്ളതെന്ന് പറയാമോ;

(ഇ) പാലിൽ വ്യാപകമായി മായം കലരുന്നുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) പാൽ പരിശോധനയ്ക്കായുള്ള സൗകര്യം എല്ലാ ജില്ലാ ക്ഷീര ഗുണ നിയന്ത്രണ യൂണിറ്റുകളിലും, ആലത്തൂരിൽ പ്രവർത്തിക്കുന്ന സംസ്ഥാന ഡയറി ലബോറട്ടറിയിലും നിലവിലുണ്ട്.

(സി) ഉണ്ട്.

(ഡി) സോഡിയം ബൈകാർബണേറ്റ്, ഹൈഡ്രജൻ പെറോക്സയിഡ് എന്നീ രാസവസ്തുക്കളാണ് പാലിൽ കലർത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളത്.

(ഇ) പി.എഫ്.എ. നിയമം കർശനമായി നടപ്പിലാക്കുവാനും, പാൽ വ്യാപാരത്തിന് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാനുള്ള നിർദ്ദേശം പരിശോധിച്ചുവരികയാണ്.

കാറ്റുവീഴ്ച, കുറുനാമ്പു രോഗം എന്നിവയ്ക്ക് പരിഹാരം കാണാൻ നടപടി

*5 [215] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, വി. ഡി. സതീശൻ:
,, എ. പി. അനിൽ കുമാർ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിന്റെ കാറ്റുവീഴ്ച, വാഴയുടെ കുറുനാമ്പു രോഗം എന്നിവയ്ക്ക് എന്തെങ്കിലും പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഈ രോഗങ്ങൾക്ക് പരിഹാരം കാണാൻ കൃഷിവകുപ്പും കാർഷിക സർവ്വകലാശാലയും എന്തെല്ലാം ശ്രമം നടത്തി;

(സി) എങ്കിൽ എന്നു- മുതൽ;

(ഡി) ഇതിനുവേണ്ടി കൃഷിവകുപ്പും കാർഷിക സർവ്വകലാശാലയും എന്തു തുക വീതം ഇതുവരെ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ).

(എ—സി) സി.പി.സി.ആർ.ഐ.-യുടെ കായംകുളത്തെ കാർഷിക ഗവേഷണ കേന്ദ്രം തെങ്ങിന്റെ കാറ്റുവീഴ്ച രോഗത്തെക്കുറിച്ച് ആദ്യകാലം മുതൽ തന്നെ ഗവേഷണം നടത്തുന്നുണ്ടെങ്കിലും ഫലപ്രദമായ പ്രതിരോധ മാർഗ്ഗങ്ങളൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ ശാസ്ത്രീയമായ വിളപരിപാലനം അവലംബിക്കുകയാണെങ്കിൽ കുറെക്കാലംകൂടി രോഗം ബാധിച്ച തെങ്ങുകൾ നിലനിർത്താനാവും എന്ന് കണ്ടിട്ടുണ്ട്. ശാശ്വതമായ പരിഹാരം, രോഗം മൂർച്ഛിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം പ്രതിരോധശേഷിയുള്ള നല്ലയിനം തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കുകയാണ്. കാർഷിക സർവ്വകലാശാലയിലും ഇതു സംബന്ധിച്ച ഗവേഷണങ്ങൾ നടന്നിട്ടുണ്ട്.

വാഴയുടെ കുറുനാമ്പു രോഗത്തിന്, നിവാരണ മാർഗ്ഗങ്ങൾ കാർഷിക സർവ്വകലാശാല കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly